LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ തീരദേശ റോഡുകളുടെ പുനരുദ്ധാരണം

103 [260] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ നാല് തീരദേശ റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നത് സംബന്ധിച്ച് ആലപ്പുഴ എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആലപ്പുഴ എം.എൽ.എ. താഴെ പറയുന്ന 4 റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിനായി നിവേദനം നൽകിയിരുന്നു.

1. സീവ്യൂ വാർഡിലെ നെൽ ക്വാർട്ടേഴ്സ്-ചന്തക്കടവ് റോഡ്
2. ബീച്ച് വാർഡിൽ നവയുഗം ജംഗ്ഷൻ-ഡ്രെയിനേജ് റോഡ്
3. ആലപ്പുഴ മുനിസിപ്പാലിറ്റി- മൾഗർ റോഡ്.
4. കാഞ്ഞിരംചിറ വാർഡ്-മാളിക മുക്ക് ജംഗ്ഷൻ റോഡ്.

എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ഇതിൽ മൾഗർ റോഡിന് മാത്രമേ ഭരണാനുമതി നൽകിയിട്ടുള്ളൂ.

വാഗമൺ ദേശത്തെ റിസോർട്ടുകൾ

104 [261] ശ്രീ. കെ. എ. ചന്ദ്രൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
" കെ. സി. ജോസഫ്:
" ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ ദേശത്ത് എത്ര റിസോർട്ടുകൾ പണിയുകയും എത്ര എണ്ണത്തിന്റെ പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ആരുടെ ഉടമസ്ഥതയിലാണ്;

(സി) ഇവ നിർമ്മിക്കുന്നതിനാവശ്യമായ അനുമതി ലഭിച്ചിട്ടുണ്ടോ;